(ജി) അഞ്ചു വർഷത്തിലധികം മലബാർ സർവ്വീസ് ഉള്ളവരും പട്ടികജാതി പട്ടികവർഗ്ഗക്കാരുമായ സർക്കാർ സർവ്വീസിലുള്ള അദ്ധ്യാപക ദമ്പതികൾക്ക് അവരാവശ്യപ്പെടുന്ന സ്ഥലത്തേക്ക് സ്ഥലംമാറ്റം കൊടുക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം വകുപ്പ് അധികാരികൾക്ക് നല്കുമോ ?

ഉത്തരം

(എ) നിർബന്ധം ഇല്ല.

(ബി) രണ്ട്.

(സി) എച്ച്. എസ്. എ. 1
പി. ഡി. അദ്ധ്യാപകൻ 1

(ഡി) കഴിയുന്നത്ര ഒരേ സ്ഥലത്ത് നിയമിക്കണമെന്ന് ഉത്തരവുണ്ട്.

[ജി. ഒ. (എം. എസ്.) 459/80/ ജി. എ. ഡി. തീയതി 3-10-1980.]

(ഇ) സ്ഥലം മാറ്റകാര്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കഴിയുന്നത്ര സൗകര്യപ്രദമായ സ്ഥലങ്ങളിൽ കൊടുക്കുവാൻ നിർദ്ദേശമുണ്ട്.

(എഫ്) ഇല്ല.

(ജി) ഭരണപരമായ സൗകര്യത്തിനനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാരായ അദ്ധ്യാപക ദമ്പതികൾക്ക് അവരാവശ്യപ്പെടുന്ന സ്ഥലത്തേയ്ക്ക് കഴിയുന്നത്ര സ്ഥലം മാറ്റം നൽകുന്നതിനുള്ള ഉത്തരവ് നിലവിലുണ്ട്.

ജി. ഒ. എം. എസ്. 459/80/ ജി. എ. ഡി. തീയതി 3-10-1980.

സ്പെഷ്യൽ റിക്രൂട്ട്മെൻറ് പദ്ധതി അനുസരിച്ച് കണ്ണൂർ ജില്ലയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർ

84. [133] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെൻറ് പദ്ധതി അനുസരിച്ച് 1978-ൽ കണ്ണൂർ ജില്ലയിൽ നിയമിക്കപ്പെടുകയും തുടർന്ന് കാസർകോട് ജില്ല രൂപീകരിച്ചപ്പോൾ ആ ജില്ലയിൽപ്പെടുകയും ചെയ്ത എത്ര ഹൈസ്കൂൾ അസിസ്റ്റൻറുമാർക്ക് ഇനിയും അവരുടെ പ്രൊബേഷൻ കംപ്ലീറ്റ് ചെയ്തതായി പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട് ;

(ബി) ഈ ഹൈസ്കൂൾ അസിസ്റ്റൻറുമാരിൽ എത്ര ഹിന്ദി അദ്ധ്യാപകരുണ്ട് ;

(സി) ഈ അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള കാലതാമസത്തിന്റെ കാരണമെന്ത് ;

(ഡി) ഈ കാലതാമസം ഒഴിവാക്കി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) ഒന്ന്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമനം റഗുലറൈസ് ചെയ്യാനുള്ള താമസം.

(ഡി) നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

സൂപ്പർ ന്യൂമററി അദ്ധ്യാപകർ

85. [134] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് ഒട്ടാകെ എത്ര സൂപ്പർ ന്യൂമററി അദ്ധ്യാപകരുണ്ട് ;

(ബി) ഇവർക്കെല്ലാംകൂടി 1985-86 വർഷത്തിൽ ഇതുവരെ എന്തു ശമ്പളം കൊടുത്തു ;

(സി) 1986-87-ൽ എത്ര സൂപ്പർ ന്യൂമററി അദ്ധ്യാപകരുണ്ടായിരിയ്ക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത് ;

(ഡി) പുതുതായി അനുവദിക്കപ്പെടുന്ന സ്കൂളുകളിൽ സൂപ്പർ ന്യൂമററി അദ്ധ്യാപകരെ നിയമിക്കണമെന്ന് ഗവൺമെന്റ് നിഷ്കർഷിക്കുമോ ?

ഉത്തരം

(എ) സൂപ്പർന്യൂമററി അദ്ധ്യാപകർ എന്നത് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ സംബന്ധിച്ചാണെന്ന് അനുമാനിയ്ക്കുന്നു. ഈ വർഷാരംഭത്തിൽ 5205 പ്രൊട്ടക്റ്റഡ് അദ്ധ്യാപകരാണുള്ളത്. ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരമുള്ള അപ്പീൽ കേസുകൾ പൂർത്തീകരിക്കാത്തതിനാൽ ഇപ്പോൾ നിലവിലുള്ള പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) ഏകദേശം 9,36,90,000 രൂപ

(സി) ഇപ്പോൾ പറയുവാൻ നിവർത്തിയില്ല.

(ഡി) പുതുതായി തുടങ്ങുന്ന എയിഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന തസ്തികകളിൽ പൂർണ്ണമായും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന് നിഷ്കർഷിയ്ക്കുവാൻ സാധിക്കുകയില്ല.

കൊന്നക്കുഴിയിൽ ഒരു ലോവർ പ്രൈമറി വിദ്യാലയം

86. [135] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ പരിയാരം പഞ്ചായത്തിൽ കൊന്നക്കുഴിയിൽ ഒരു ലോവർ പ്രൈമറി വിദ്യാലയത്തിന് ഗവൺമെന്റ് അനുവാദം നൽകിയതു പ്രവർത്തിച്ചു തുടങ്ങിയോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) അടുത്ത വിദ്യാലയ വർഷം ഈ സ്കൂൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി & സി) കൊന്നക്കുഴി ലോവർ പ്രൈമറി സ്കൂൾ 1985-86 അദ്ധ്യയന വർഷംതന്നെ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിന് അടിയന്തിര

LIBRARY ARCHIVES Kerala Legislative Assembly